# എന്റെ വേരുകൾ

ഇ. ഹരികുമാർ

രണ്ടു കത്തുകൾ, രണ്ടും അച്ഛന്റെ കയ്യിൽനിന്ന് ലഭിച്ചത്, എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. എന്റെ സാഹിത്യ ജീവിതത്തെ അപ്പാടെ മാറ്റിമറിച്ചവയാണീ കത്തുകൾ. അറുപതുകളുടെ തുടക്കത്തിലാണ് ഞാൻ എഴുതാൻ തുടങ്ങിയത്. ആദ്യത്തെ കഥ പ്രസിദ്ധപ്പെടുത്തിയത് 62-ൽ. കത്തുകളുടെ കാര്യം പറയുംമുമ്പ് അമ്പതുകളുടെ അവസാനംതൊട്ട് എന്റെ വായനയെ സ്വാധീനിച്ച രണ്ടുപേരെപ്പറ്റി പറയാം. എന്റെ എഴുത്തിനെ സ്വാധീനിച്ച മലയാളത്തിലെ രണ്ട് അതികായന്മാർതന്നെയാണവർ. ഒന്ന് ഉറൂബ്, രണ്ട് എം.ടി. വാസുദേവൻ നായർ. ഈ രണ്ടു പേരാണ് വിശ്വസാഹിത്യത്തെ എനിക്കു പരിചയപ്പെടുത്തിത്തന്നത്. എം.ടി.യുടെ ഏകലവ്യ ശിഷ്യത്വം സ്വീകരിച്ചപ്പോൾ ഉറൂബിന്റെ നേരിട്ടുള്ള ശിഷ്യനാവുകയായിരുന്നു ഞാൻ. ട്രൂമാൻ കപോട്ടി, ഹെമിങ്വേ, വില്ല്യം സരോയൻ, ജോൺ അപ്ഡൈക്, വില്ല്യം ഫോക്നർ, ആർതർ കെസ്റ്റ്ലർ, ജോൺ സ്റ്റീൻബക്ക്, ഹാർപ്പർ ലീ, ഹൊവാഡ് ഫാസ്റ്റ്, ചാപ്പക് ബ്രദേഴ്സ്, കമ്യൂ, സാർത്ര്, ബോറീസ് പാസ്റ്റർനാക്, തുടങ്ങി വൈവിധ്യമാർന്ന എഴുത്തുകാരുടെ നീണ്ട നിരയാണ് എന്റെ വായനയുടെ അടിത്തറ. അതിനു മുമ്പ് അച്ഛന്റെ നിർദ്ദേശമനുസരിച്ച് വായിച്ച എഴുത്തുകാരായിരുന്നു ടോൾസ്റ്റോയിയും, ഡോസ്റ്റോവ്സ്കിയും, ബർനാഡ് ഷാവും മറ്റും. ഈ പേരുകൾ കണ്ടാൽ ഇന്നത്തെ നിരൂപകർ, ഞാൻ വായന തുടങ്ങിയ കാലഘട്ടത്തെപ്പറ്റി ഓർക്കാതെ മുഖം ചുളിച്ചെന്നിരിക്കും. പക്ഷേ, ഇന്നത്തെ എഴുത്തുകാർ ഈ സാഹിത്യകാരന്മാരുടെ കൃതികൾകൂടി വായിച്ചിരുന്നെങ്കിലെന്ന് ചിലപ്പോഴെങ്കിലും തോന്നാറുണ്ട്.

ആഴവും പരപ്പുമുള്ള ഈ വായനയുടെ പരിണാമമാണോ എന്നറിയില്ല എന്റെ അഞ്ചാമത്തെ കഥയായ കൂറകൾ ഞാൻ ഇംഗ്ലീഷിലാണ് എഴുതിയത്. ഇംഗ്ലീഷ് എനിക്കു കൂടുതൽ വഴങ്ങുന്നതായി തോന്നി. കൂറകൾ എഴുതിയശേഷം അത് അച്ഛനയച്ചു കൊടുത്തു. കഥകൾ അച്ഛനെക്കൊണ്ട് വായിപ്പിക്കുക, തിരുത്തലോടെ അച്ഛന്റെ അഭിപ്രായം അറിയുക എന്നതായിരുന്നു അന്ന് ഞാൻ ചെയ്തിരുന്നത്. (രണ്ടാമതായി എന്റെ കഥകൾ തിരുത്തിയിരുന്നത് അന്ന് മാതൃഭൂമി പത്രാധിപരായിരുന്ന എം.ടി.യായിരുന്നു. കഥ കിട്ടിയാൽ ഉടനെ മറുപടി കിട്ടും. 'കഥ കിട്ടി, വാരികയിൽ ചേർക്കുന്നു. ഞാൻ വരുത്തിയ തിരുത്തലുകൾ ശ്രദ്ധിക്കുമല്ലൊ.' ഇത്ര മാത്രം. ആ തിരുത്തലുകളും എന്നെ വളരെ സഹായിച്ചിട്ടുണ്ട്). ഇംഗ്ലീഷിലെഴുതിയ കഥ 'ഠവല ഇീരസ്യീമരവലെ' വായിച്ചു ഇഷ്ടപ്പെട്ട അച്ഛന്റെ മറുപടി കിട്ടി. ഒപ്പംതന്നെ കുറേ ഉപദേശങ്ങളും. അതിൽ മാതൃഭാഷയിൽത്തന്നെ എഴുതുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി കുറേ എഴുതിയിരുന്നു. മാതൃഭാഷ അമ്മയാണെന്നും ആ ഭാഷയിൽക്കൂടി മാത്രമെ ശരിക്കും ആത്മാവിഷ്കാരം നടക്കുകയുള്ളൂ എന്നും മറ്റും എഴുതിക്കൊണ്ട് ഒരു നീണ്ട കത്ത്. മനോഹരമായ ആ കത്ത് എന്റെ ചിന്താഗതിയെ മാറ്റി മറിച്ചു. ഇംഗ്ലീഷിൽ എഴുതിയാൽ വായനക്കാരുടെ കൂടുതൽ വിശാലമായ ഒരു നിരയുണ്ടാവും എന്നത് എന്നെ പ്രലോഭിപ്പിച്ചപ്പോൾ അച്ഛന്റെ കത്ത് എന്നെ മാതൃഭാഷയിലേയ്ക്ക് തിരിച്ച് വിളിച്ചു. ഞാൻ പിന്നീട് ഇംഗ്ലീഷിലെഴുതാൻ ശ്രമിച്ചില്ല. കൂറകൾ ഞാൻ മലയാളത്തിൽ മാറ്റി എഴുതി. ഇന്ന്, മുപ്പത്തഞ്ചു വർഷങ്ങൾക്കു ശേഷം ആലോചിക്കുമ്പോൾ, ലോകസാഹിത്യത്തിന് വലിയ മുതൽക്കൂട്ടൊന്നും നൽകാൻ കഴിഞ്ഞിട്ടില്ലാത്ത താരതമ്യേന പുതിയ ഭാഷയിൽ, അത് എന്റെ മാതൃഭാഷയാണെന്ന പരിഗണന മാത്രം കൊടുത്ത് എഴുത്തു തുടർന്നതിൽ ഞാൻ ഖേദിക്കുന്നുണ്ടോ? ഒന്നും പറയാൻ കഴിയുന്നില്ല. മാതൃഭാഷയിൽ എഴുതി എന്ന ഒരേയൊരു കാരണംകൊണ്ടാണ് നമ്മുടെ എഴുത്തുകാർ പുറമെ അറിയപ്പെടാത്തത്. ഉറൂബിന്റെ 'സുന്ദരികളും സുന്ദരന്മാരും', 'ഉമ്മാച്ചു', എം.ടി.യുടെ 'കാലം', 'രണ്ടാമൂഴം', ബഷീറിന്റെ 'ന്റുപ്പൂപ്പാക്കൊരാനണ്ടാർന്ന്', 'പാത്തുമ്മയുടെ ആട്', കാരൂരിന്റെ 'പൂവമ്പഴം', ജിയുടെയോ, ഇടശ്ശേരിയുടെയോ, വൈലോപ്പിള്ളിയുടെയോ കവിതകൾ, ഇവയെല്ലാം വിശ്വസാഹിത്യത്തിൽ പുകഴ്ത്തപ്പെടുന്ന പല കൃതികളോടും കിടപിടിക്കുന്നതാണ്. മലയാളത്തിൽ എഴുതപ്പെട്ടു എന്ന ഒരേ ഒരു കാരണത്താൽ അവയ്ക്ക് അർഹിക്കുന്ന പരിഗണന കിട്ടുന്നില്ലെന്നു മാത്രം. അങ്ങിനെയാകുമ്പോൾ ഇന്ത്യയുടെ തെക്കേ അറ്റത്ത് കേരളമെന്ന ദേശത്ത് പ്രബുദ്ധരായ ഒരു ജനതയും, അവരുടേതായി നവീനവും സമ്പന്നവുമായ ഒരു ഭാഷയുമുണ്ടെന്നു കാണിക്കാനെങ്കിലും ഇംഗ്ലീഷിൽ എഴുതണമെന്നു തോന്നും. അപ്പൊഴെല്ലാം അച്ഛന്റെ കത്ത് ഓർമ്മ വരികയും ഞാൻ എന്റെ മാതൃഭാഷയിലേയ്ക്ക് തിരിച്ചു വരികയും ചെയ്യും.

രണ്ടാമത്തെ കത്ത് എന്റെ ചില ഭയങ്ങളെ ദൂരീകരിക്കാനായി അച്ഛൻ എഴുതിയതായിരുന്നു. 62-നും 72-നുമിടക്ക് ഞാൻ ആകെ എഴുതിയത് പതിനൊന്നു കഥകളാണ്. കേരളത്തിലെ മണ്ണുമായി തൊള്ളായിരത്തി അറുപതിൽ ബന്ധം വിട്ടതാണ്. 72-ൽ 'പ്രാകൃതനായ ഒരു തോട്ടക്കാരൻ' എന്ന കഥയെഴുതി. എഴുതി വന്നപ്പോഴാണ് ആ കഥയിലെ പ്രാകൃതനായ തോട്ടക്കാരൻ അച്ഛൻ തന്നെയാണെന്ന് മനസ്സിലാക്കിയത്. മണ്ണുമായുള്ള ബന്ധം ഇല്ലാതായി, ഇനി എനിക്ക് എഴുതാൻ കഴിയില്ല എന്ന ഒരവസ്ഥ വന്നേ

പ്പാൾ, എന്റെ കഥകൾ ഒരു നഗരവാസിയുടെ കഥകൾ മാത്രായി മാറുന്നുണ്ടോ എന്ന സംശയം വച്ച് ഞാൻ അച്ഛന്ന് എഴുതി. അച്ഛന്റെ മറുപടി ഉടനെ വന്നു. ‘വാടിയ അപ്പച്ചെടികളുടെ മണത്തെപ്പറ്റി നിനക്ക് എഴുതാമെങ്കിൽ നീ തികച്ചും ഒരു മലയാളിതന്നെയാണ്. നിന്റെ കഥകൾക്ക് മണ്ണിന്റെ മണമുണ്ട്.’ വാടിയ അപ്പച്ചെടികളുടെ ഗന്ധം ‘പ്രാകൃതനായ ഒരു തോട്ടക്കാരൻ’ എന്ന കഥയിലുള്ളതാണ്. എനിക്ക് ആശ്വാസമായി. ‘ശ്രീപാർവ്വതിയുടെ പാദം’ എന്ന കഥ വളരെ പിന്നീട് ഞാൻ കേരളത്തിൽ തിരിച്ചുവന്നു താമസമാക്കിയതിനു ശേഷമാണ് എഴുതിയത്. മറിച്ച് ഞാൻ കേരളത്തിലേയ്ക്ക് തിരിച്ചു വന്നില്ലെങ്കിലും മണ്ണിന്റെ മണമുള്ള ആ കഥ ഇതേപോലെ എഴുതുമായിരുന്നെന്ന് ഇന്ന് എനിക്കുറപ്പുണ്ട്. ഞാൻ എവിടെയാണെങ്കിലും എന്റെ വേരുകൾ കേരളത്തിലാണ്, മലയാളത്തിലാണ്.